# “Do not be afraid of the People of the land”

## (ആ ദേശത്തിലെ ജനത്തെ ഭയപ്പെടരുത് )

### (സംഖ്യ:14,9)

മരുഭൂമിയിലെ യിസ്രായേല്യ ചരിത്രത്തിൽ അവിശ്വാസത്തിന്റെ ഒരു പ്രകടഭാവമാണ് ഇവിടെ കാണുന്നത്. സത്യത്തിന് ഒരിടത്തും ഒരിക്കലും ജനസമ്മതി ലഭിച്ചിട്ടില്ല, ലഭിക്കുകയുമില്ല.ദൈവീക സത്യത്തിനുവേണ്ടി ലവലേശം വിട്ടുവീഴ്ചയില്ലാതെ ഒറ്റുനോക്കിയ ദേശത്തെക്കുറിച്ച് സ്പഷ്ടവും വ്യക്തവുമായി സാക്ഷീകരിച്ചവരാണ് യോശുവയും, കാലേബും. ദേശം വാഗ്ദത്തം ചെയ്തവനെ ഇവർ പൂർണ്ണമായി വിശ്വസിച്ചപ്പോൾ ഒറ്റുനോക്കുവാൻ കൂടെ ഉണ്ടായിരുന്ന പത്തുപേരും (സംഖ്യ:13:2) നിരാശയുടെ വാക്കുകൾ ഉച്ചരിച്ചു. Read സംഖ്യ:(13:27,28).പത്തു പ്രഭുക്കൻമാരും അനുഗ്രഹീതകർത്ത്യദാസന്മാർ തന്നെയാണ്. ഇന്ന് പലരും ഇവരെപ്പോലെയാണ്. ദൈവം നടത്തി, നല്ല ജോലി തന്നു , ആരോഗ്യം തന്നു, മക്കൾ പഠിച്ചു, എങ്കിലും ---------- ഈ എങ്കിലുമാണ് വിശ്വാസത്തിന്റെ ശത്രു. ഈ ചിന്തയുള്ളവർ സന്ദേഹത്തിലും ഭയപ്പാടിലുമാണ്. എപ്പോഴും ഇരുണ്ടവശം അഥവാ വൈഷമ്യങ്ങളിലേക്ക് നോക്കി അവർ ഭയപ്പെടുന്നു.

എന്തിനാണ് ഒററുനോക്കുവാൻ ഇവരെ അയച്ചത് ? ദൈവം ഇവരെ രക്ഷിച്ചു കഴിയുമ്പോൾ

1. ശത്രുവിന്റെ ബലവും കോട്ടയും എത്ര വലുതായിരുന്നു എന്ന് യിസ്രായേൽ നന്നായി അറിയുവാനും

2. തങ്ങൾക്ക് സ്വന്തമാക്കാനുള്ളത് എന്തെന്ന് അവർ തന്നെപോയി കണ്ടെത്തുവാനും

3. ശത്രുവിന്റെ ശക്തിയെപ്പറ്റി വേഗം മനസ്സിലാക്കിയ പ്രഭുക്കൻമാർ പറഞ്ഞത് ജനം വിശ്വസിക്കുകയും ചെയ്യും എന്നതിനാലുമാണ് അയച്ചത്.

ഈ പത്തുപേരുടെ വാക്കുകൾ അവിശ്വാസത്തിന്റെ ഇരുട്ടിൽ യിസ്രായേൽ ജനത്തെ തള്ളിയിട്ടപ്പോഴും സത്യനാവുള്ള യഥാർത്ഥ

ദൈവദാസനായ കാലേബിന്റെ വാക്കുകളാണ് സംഖ്യ:(14:9)ൽ കാണുന്നത്.

(ദൈവീക സത്യത്തെ ആത്മാക്കളിലുറപ്പിക്കുമെന്നും, ഭീരുത്വമില്ലാതെ ധൈര്യത്തോടെ വിശ്വാസത്തിന്റെ വാക്കുകൾ പറയുവാൻ കഴിയുന്നവരുമാണ് യഥാർത്ഥ ആത്മീയ കാലേബുമാർ)

ദേശനിവാസികളെ ഭയപ്പെടരുത് - എന്തുകൊണ്ട് ?

1.അവർ നമുക്കിരയത്രേ. (We will swallow them up) (From N.I.V.B)

2. അവരുടെ ശരണം പൊയ്പോയിരിക്കുന്നു. (Their Protection is gone)

3. ദൈവം നമ്മോടുകൂടെയുണ്ട് (The Lord is with us)

ദേശത്ത് പാർക്കുന്ന ജനങ്ങളെ ബലവാൻമാരും , പട്ടണങ്ങൾ ഉറപ്പും ,വലിപ്പവുമുള്ളത് എന്ന്പറഞ്ഞ് ഭയപ്പെടുമ്പോൾ ഈ ജനം ശത്രുവിനെ വലുതായി കാണുകയാണ്.

(സഹോദരങ്ങളെ ! നിങ്ങളുടെ പ്രതികൂലങ്ങളെ , പ്രശ്നങ്ങളെ ഒരിക്കലും പർവ്വതീകരിക്കരുത്. എനിക്ക് കഴിവില്ല, ഞാൻ അശക്തൻ എന്ന് പറയരുത് . അങ്ങനെ നിരാശയുടെ വാക്കുകൾ നാം പറയുമ്പോൾ സാത്താൻ സന്തോഷിക്കും.ദൈവത്താൽ സകലതും സാദ്ധ്യമെന്നും , അവൻ ബലവാനും യുദ്ധവീരനുമായ യഹോവ എന്ന് കർത്താവിനെ ഉയർത്തിയാൽ അവൻ വലുതാകയും ശത്രു ചെറുതാകുകയും , നാം വിജയികളാകുകയും ചെയ്യും.

കാലേബിന്റെ വാക്കുകൾ ധൈര്യം നൽകുന്ന വിശ്വസ്തന്റെ വാക്കുകളത്രെ. അവരുടെ ആശ്രയം പൊയ്പോയതിനാൽ അവർ നമ്മുടെ ഇരകളത്രെ. യഹോവ നമ്മിൽ പ്രസാദിക്കുന്നു എങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്ക് കൊണ്ടുചെന്ന് നമുക്ക് അത് തരും. അവനോട് മത്സരിക്കമാത്രം ചെയ്യരുത്. ഒരു നല്ല ആത്മീയ നേതാവിന്റെ ധൈര്യം തരുന്ന വാക്കുകൾ . നാം ഇങ്ങനെ മറ്റുള്ളവരെ ക്രിസ്തുവിൽ ശക്തരാക്കുന്നവരോ?

“വിശ്വസ്തനായ ദൂതൻ തന്നെ അയയ്ക്കുന്നവർക്ക് കൊയ്തുകാലത്ത് ഹിമത്തിന്റെ തണുപ്പുപോലെ അവൻ യജമാനന്മാരുടെ ഉള്ള് തണുപ്പിക്കുന്നു’. എന്ന് (സദൃ:25:13) ൽ കാണുന്നു.

“ചെന്ന് അത് കൈവശമാക്കുക, അത് ജയിപ്പാൻ നമുക്ക് കഴിയും” സംഖ്യ(13:30)

“We should go up and take possession of the land, for we can certainly do it”(Numbers 13:30)

അതേ ! ഭയപ്പെടേണ്ട, നിങ്ങളുടെ ഏത് പ്രശ്നവും നിസ്സാരമായി പരിഹരിപ്പാൻ യഹോവ കൂടെയുണ്ടെങ്കിൽ സാദ്ധ്യമാണ്. അവനെ വിശ്വസിക്കുക.

ഉദാഹരണമായി വചനത്തിൽ നിന്നും അഭിഷക്തന്മാരായ രണ്ട് രാജാക്കൻമാരെ (ശൗൽ-1ശമു 10:1, ദാവീദ്- 1 ശമു:16:13).ശൗൽ രാജാവിന്റെ ശരണം പൊയ്പോയതിനാൽ ഫെലിസ്ത്യമല്ലനായ ശത്രുവിനെ അവൻ വലുതായി കണ്ട് ഭയപ്പെട്ടു. അപ്രകാരം യിസ്രായേൽ ജനവും ഭയവിഹ്വലരായി. എന്നാൽ സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ വിശ്വസ്തന്റെ ധൈര്യം ശ്രദ്ധിക്കുക. അവന്റെ (ദാവീദിന്റെ )മുമ്പിൽ ഗോല്യാത്ത് വെറും ഇരമാത്രം.

Read 1 ശമു:(17:45-47)

ഭീതിയിലാണ്ട ശത്രുവിന്റെ വാക്കുകൾ ദൈവപൈതലിനെ കണ്ട് മനസ്സിലാക്കിയതിന്റെയത്രേ.

1 ശമു (17:42-44)

വിജയം ശത്രുവിനെ (പ്രശ്നത്തെ) ചെറുതായി കാണുന്നവന് മാത്രം.

**ഭയപ്പെടേണ്ട എന്ന്  പല ആവർത്തി പറഞ്ഞ് നമ്മെ പ്രോത്സാഹിപ്പിക്കുന്നതിന്റെ കാരണങ്ങൾ**

1. ജീവിതയാത്രയിലെ അനുഗ്രഹങ്ങൾ - (ഉല്പ:26:24)
2. ക്ഷാമകാലത്ത് സംരക്ഷണം - 1രാജ (17:13)
3. ആപത്തിൽ സംരക്ഷണം - 2 രാജ (6:16)
4. ബലഹീനതയിൽ ശക്തി - യെശ (41:10)
5. പരിശോധനയിൽ സഹിത്വം - യെശ(43:1-3)
6. മീതെ മറയ്ക്കുന്ന കരുതൽ - മത്താ(13:30-31)
7. മരണാനന്തരമുള്ള ജീവൻ - വെളി :(1:17-18)

നാം പലപ്പോഴും ശത്രുവിനെ കാരണം കൂടാതെ ഭയപ്പെടുന്നവരാണ്. യാഥാർത്ഥ്യം നേരെ മറിച്ചാണ്, അവനാണ് നമ്മെ ഭയക്കുന്നത്. യെരിഹോ മതിലിനരികെ എത്തിയ ജനം ശത്രുവിന്റെ ശക്തി, മതിലിന്റെ വലിപ്പം ഇവ ഓർത്ത് ഭയപ്പെടുന്നു. എന്നാൽ രാഹബിന്റെ വാക്കുകളിൽ നിന്നും ശത്രു യിസ്രായേൽ മക്കളെയും അവരെ നടത്തിയ ദൈവത്തെയും ഭയപ്പെട്ടതായി മനസ്സിലാക്കാം.

Read -----യോശുവ (2:9-11)

ശത്രുവിനു നേരെ നടന്ന് നീങ്ങുക ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കുക. ദൈവം അതിശയം പ്രവർത്തിക്കും. കോട്ടതകരുകയും കനാനിലെ വിലപ്പെട്ട വിഭവങ്ങൾ നമ്മുടെ സ്വന്തമാകുകയും ചെയ്യും.

For further information please Read  (2 chronicles chapter 20)

ശത്രുവിനെ (പ്രശ്നത്തെ) ചെറുതായി കാണുവാൻ ദൈവം പറയുന്നത് കേട്ട്, വിശ്വാസത്തോടെ അനുസരിക്കുക. ദൈവം നമ്മോടുകൂടെയുണ്ട്.

‘Praise the Lord’

Santhamma Varghese